**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 74** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>കടലാക്രമണം തടയുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. ദീപക് ജോയ്

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കടലാക്രമണം സ്ഥിരമായി ഉണ്ടാകുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിലെ വിവിധ ജില്ലകളിൽ രൂക്ഷമായ കടലാക്രമണവും തീരശോഷണവും നേരിടുന്ന പ്രധാന പ്രദേശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ഡിവിഷനിൽ കൊല്ലംകോട് മുതൽ കാപ്പിൽ വരെയുള്ള തീരപ്രദേശങ്ങൾ സ്ഥിരമായി കടലാക്രമണ ഭീഷണിയിലാണെന്നതിനൊപ്പം, അടുത്തിടെയായി ശംഖുമുഖം മുതൽ വലിയവേളി വരെയുള്ള ഭാഗങ്ങളിലും കടലാക്രമണം വർദ്ധിച്ചുവരുന്നു. കൊല്ലം ഡിവിഷനിൽ ആലപ്പാട് പഞ്ചായത്തിലെ വെള്ളനാതുരുത്ത് മുതൽ അഴീക്കൽ വരെയുള്ള പ്രദേശങ്ങളും നീണ്ടകര ഫിഷിംഗ് കോളനി, പുത്തൻതുറ, കോവിൽതോട്ടം-132, കോവിൽതോട്ടം, KMML MS Plant, കാട്ടിൽമേക്കതിൽ ക്ഷേത്രം എന്നീ ഭാഗങ്ങളും സ്ഥിരമായി കടലാക്രമണ സാധ്യതയുള്ളവയാണ്. ആലപ്പുഴ ഡിവിഷനിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ 20 കിലോമീറ്റർ തീരദേശത്തോടൊപ്പം പുറക്കാട്, പുന്തല, ആനന്ദേശ്വരം, പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്തിലെ നർബോന, കടക്കരപ്പള്ളിയിലെ ഒറ്റമശ്ശേരി, മാരാരിക്കുളം വടക്കിലെ ചേന്നവേലി, തുറവൂരിലെ ചാപ്പക്കടവ്, പട്ടണക്കാട്ടെ ആറാട്ടുവഴി, പോളയ്ക്കൽ തുടങ്ങിയ ഇടങ്ങളിലും രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നു.

തൃശ്ശൂർ ജില്ലയിൽ എറിയാട്, എടവിലങ്ങ്, വാടാനപ്പിള്ളി, ഏങ്ങണ്ടിയൂർ കടപ്പുറം, പുന്നയൂർക്കുളം, മതിലകം, എസ്. എൻ.പുരം എന്നീ പഞ്ചായത്തുകളിലെ തീരമേഖലകൾ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുമ്പോൾ, എറണാകുളം ജില്ലയിൽ ചെല്ലാനം പഞ്ചായത്തിലെ തീരങ്ങളിലും വൈപ്പിൻ ദ്വീപിലെ എടവനക്കാട്, നായരമ്പലം എന്നീ പഞ്ചായത്തുകളിലുമാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, കോഴിക്കോട് സൗത്ത്, നോർത്ത്, എലത്തൂർ മണ്ഡലങ്ങളിലെ വിവിധ തീരപ്രദേശങ്ങളിൽ, കൂടാതെ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കാപ്പാട്, വടകര നിയോജക മണ്ഡലത്തിലെ കൊളാവിപ്പാലം എന്നീ സ്ഥലങ്ങളും, കാസറഗോഡ് ജില്ലയിലെ കാവുഗോളി, കീഴൂർ, ചേരങ്കൈ,ചെമ്പരിക്ക, കല്ലൻവളപ്പ്, പെരിങ്ങാടി, ഷിറിയ,

കോയിപ്പാടി, പെർവാഡ്, നാങ്കി കൊപ്പളം, കണ്വതീർത്ഥ, ഹൊസബെട്ടു, മുസോടി, ശാരദാനഗർ, മണിമുണ്ട, ഹനുമാൻനഗർ, ബംഗളെ, ഐല, നോമ്പിൽ അഴി മുതൽ തൈയ്യിൽ സൗത്ത് വരെയുള്ള പ്രദേശം, ഉദുമ, കന്നികടപ്പുറം, ജന്മ, കൊവ്വൽ, കൊപ്പൽ, കാപ്പിൽ, കോട്ടിക്കുളം, തൃക്കണ്ണാട്, ബേക്കൽ, പള്ളിക്കര, തൈക്കടപ്പുറം, അജാനൂർ എന്നീ സ്ഥലങ്ങളും സ്ഥിരമായി കടലാക്രമണം നേരിടുന്ന പ്രദേശങ്ങളാണ്. പൊന്നാനി നിയോജക മണ്ഡലത്തിലെ പൊന്നാനി മുനിസിപ്പാലിറ്റി ,പെരുമ്പടപ്പ് പഞ്ചായത്ത്, വെളിയങ്കോട് പഞ്ചായത്ത് മുതലായ തീരപ്രദേശം Hotspot മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. താനൂർ നിയോജക മണ്ഡലത്തിൽ എടക്കടപ്പുറം, ചീരാൻകടപ്പുറം, അൽബസാർ, Ozzan കടപ്പുറം, കേർമൻ കടപ്പുറം, അഞ്ചുടി, വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ അരിയല്ലൂർ ബീച്ച്, കണ്ണൂർ ജില്ലയിലെ തീരപ്രദേശമായ മാഹി അഴി മുതൽ കൊട്ടുവള്ളി വരെ 10 കി.മി പ്രദേശം ഹോട്ട്സ്പോട്ട് ഏരിയയിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത തീരപ്രദേശങ്ങളിൽ തന്നെ സെന്റ് ജോസഫ് സ്കൂൾ, പെട്ടിപ്പാലം, കുറിച്ചിയിൽ, പ്രസ് വളപ്പ്, തയ്യിൽ, മൈതാനപ്പള്ളി എന്നീ ഭാഗങ്ങളും സ്ഥിരമായി കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളാണ്. കണ്ണൂർ ജില്ലയിലെ സി. പി. സ്റ്റോൺ 2300 മുതൽ സി. പി. സ്റ്റോൺ 2429 വരെയുള്ള ഭാഗവും തീരശോഷണ പ്രദേശമാണ്.

**(ബി)** പ്രസ്തുത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടോ; ഇനിയും കടൽഭിത്തി നിർമ്മിക്കാത്ത പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പൂന്തുറ മുതൽ ലെന റോഡ് വരെ കടൽഭിത്തി നിർമ്മിച്ചിട്ടുള്ളതാണ്. ശംഖുമുഖം മുതൽ വലിയവേളി വരെ ഭൂരിഭാഗം പ്രദേശങ്ങളിലും കടൽഭിത്തികൾ നിലവിലില്ല. ശക്തമായ കടലാക്രമണം നേരിടുന്ന പൂന്തുറ, ബീമാപള്ളി തുടങ്ങിയ ഭാഗങ്ങളിൽ പുലിമുട്ട് പൂർത്തീകരിച്ചിട്ടുണ്ട്. വലിയതുറ-കൊച്ചുതോപ്പ് ഭാഗങ്ങളിൽ സീവാൾ വർക്കുകളുടെ എസ്റ്റിമേറ്റുകൾ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലെന റോഡ് മുതൽ ജൂസ്സാ റോഡ് വരെയുള്ള 163 മീറ്റർ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇതിനോടകം തന്നെ പൂർത്തിയായതാണ്. കൂടാതെ ശംഖുംമുഖത്തിനു തെക്കുവശത്തായി 30 മീറ്റർ നീളത്തിൽ 30 ലക്ഷം രൂപയുടെ കടൽഭിത്തി പുനരുദ്ധാരണ പ്രവർത്തികൾ അവസാനഘട്ടത്തിലുമാണ്. മാത്രമല്ല ശംഖുമുഖം ബീച്ചിന്റെ 355 മീറ്റർ നീളത്തിലുള്ള ഗാലറിയുടെ നിർമാണ പ്രവർത്തികളും അവസാനഘട്ടത്തോടടുക്കുകയാണ്. ശംഖുമുഖം മുതൽ വലിയ വേളി വരെയുള്ള ഭാഗങ്ങളിൽ അടുത്തിടയായി കടലാക്രമണം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് താത്കാലികമായി അടിയന്തരമായുള്ള ജിയോബാഗ് പ്രവർത്തികൾ നടത്തിയിട്ടുണ്ട്. ശാശ്വതമായ പരിഹാരത്തിനായി പുതിയതായി കടൽഭിത്തികൾ നിർമ്മിക്കേണ്ട ആവശ്യകത തിരിച്ചറിഞ്ഞിട്ടുണ്ട്. പൂവാർ പൊഴി മുതൽ കൊല്ലംകോട് വരെയുള്ള തീരപ്രദേശം സംരക്ഷിക്കുന്നതിനായി KIIDC മുഖേന കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പൂന്തുറ St.റോഷ് പള്ളി മുതൽ മാമ്പള്ളി വരെ ഒൻപത് ഇടങ്ങളിലായി അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുവാൻ ധാരണയായതിനെ തുടർന്ന് 1.10കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

കോവിൽത്തോട്ടം, പുത്തൻതുറ, നീണ്ടകര എന്നീ തീരപ്രദേശങ്ങളിൽ Gabionbox ഉപയോഗിച്ച് കടൽഭിത്തിയുടെ പുനർനിർമാണം നടത്തി ടി പ്രദേശങ്ങളുടെ ഒരു ഭാഗം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോവിൽത്തോട്ടം ഭാഗത്തു കടൽ ഭിത്തി നിർമ്മാണത്തിനായുള്ള tender നടപടികൾ നടന്നു വരുന്നു. തീരസംരക്ഷണത്തിനായി ഫണ്ട് ലഭ്യമാക്കുന്നതിനു Budget proposal, Plan Work എന്നീ ശീർഷകങ്ങളിൽ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുണ്ട് . കൂടാതെ തീരപ്രദേശത്തിൽ KMML, IRE എന്നീ സ്ഥാപനങ്ങളുടെ മൈനിംഗ് ഏരിയ ഉൾപ്പെടുന്നതിനാൽ തീരസംരക്ഷണത്തിനായി ടി സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി ശ്രമം നടത്തിവരുന്നു. കൂടാതെ കോവിൽത്തോട്ടം ലൈറ്റ് ഹൗസിന്റെ സംരക്ഷണത്തിനായി Directorate of Light House ഫണ്ട്

ഉപയോഗിച്ച് IIT മദ്രാസ് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ കാട്ടിൽമേക്കതിൽ ക്ഷേത്രത്തിനു വടക്കുവശം KMML deposit fund ഉപയോഗിച്ച് രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. കാട്ടിൽമേക്കതിൽ ക്ഷേത്രത്തിന്റെ സമീപത്ത് കടൽഭിത്തിയുടെ താൽക്കാലിക അടിയന്തര സംരക്ഷണത്തിനായി KMML ഫണ്ട് ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

വെള്ളനാതുരുത്തു ബീച്ച് മുതൽ അഴിക്കൽ ബീച്ച് വരെയുള്ള 13.60 കി.മീ. ഭാഗത്ത് നിലവിലുണ്ടായിരുന്ന കടൽഭിത്തി പല ഭാഗങ്ങളിലും തകർന്നും കടലിൽ താഴ്ന്നും കേട്ടുപാടുകൾ സംഭവിച്ച നിലയിലുമാണ്. ആയതിനാൽ പ്രസ്തുത ഭാഗത്ത് കടൽഭിത്തിയുടെ പുനരുദ്ധാരണവും ആവശ്യമായഭാഗങ്ങളിൽ tetrapod ഉപയോഗിച്ച് seawall reformation നും ADB പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

ആറാട്ടുപുഴ, തൃക്കുന്നപുഴ പ്രദേശങ്ങളിൽ ജിയോബാഗ് വെച്ചിട്ടുള്ള കടൽ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. കടലാക്രമണത്തിന്റെ ശാശ്വത പരിഹാരത്തിനായി പ്രസ്തുത സ്ഥലങ്ങളിൽ കടൽ ഭിത്തി നിർമ്മിക്കുന്നതി നായി ADB പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുറക്കാട്, ഒറ്റമശ്ശേരി എന്നീ ഭാഗങ്ങളിൽ കടൽ ഭിത്തി നിലവിലുണ്ട്. എന്നാൽ ശക്തമായ കടലാക്രമണം മൂലവും കാലപ്പഴക്കം മൂലവും കടൽ ഭിത്തി തകർന്ന അവസ്ഥയിലാണുള്ളത്. ആയത് പുനർ നിർമ്മിക്കേണ്ടതുണ്ട്.

തൃശ്ശൂർ ജില്ലയിൽ, കടലാക്രമണം സ്ഥിരമായി ഉണ്ടാകുന്ന സ്ഥലങ്ങളിൽ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി ജിയോബാഗ്, കരിങ്കല്ല് എന്നിവ ഉപയോഗിച്ച് താൽക്കാലിക കടൽഭിത്തി നിർമ്മാണം നടത്താറുണ്ട്. കൂടാതെ അഴീക്കോട് മുതൽ തട്ടുംകടവ് വരെയുള്ള 6 കിലോമീറ്റർ ദൂരത്തിലും വാടാനപ്പിള്ളി മുതൽ ഏങ്ങണ്ടിയൂർ വരെയുള്ള 5.6 കി.മി ദൂരത്തിലും ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ മിഷൻ ഡയറക്ടറേറ്റിലേക്ക് സമർപ്പിക്കുകയും, തുടർ നടപടികൾ സ്വീകരിച്ചു വരുകയുമാണ്.

എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്ത് കടൽ തീരപ്രദേശത്ത് CP 1981 മുതൽ CP 1016 വരെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ചെല്ലാനം (PMU Chellanam) നിർമ്മാണം നടത്തിയ 7.35 കിലോമീറ്റർ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തിയും 6 പുലിമുട്ടും നിലവിൽ ആ പ്രദേശത്തെ കടൽക്ഷോഭത്തെ പ്രതിരോധിക്കുന്നതിന് പര്യാപ്തമാണ്. ചെല്ലാനം കടൽത്തീരത്തെ തീരശോഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി കിഫ്ബി ഫണ്ടിലൂടെ ടെട്രാപോഡ് ഉപയോഗിച്ചുള്ള 7.30 കിലോ മീറ്റർ ദൈർഘ്യത്തിലുള്ള കടൽഭിത്തിയുടെ നിർമ്മാണ പ്രവൃത്തി PMU Chellanam വഴി നടപ്പിലാക്കി കഴിഞ്ഞു. തീരസംരക്ഷണത്തിനായി ടെട്രാപൊഡ് ഉപയോഗിച്ചുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തിയിൽ കിഫ്ബി ഫണ്ടിലൂടെ പുത്തൻ തോട് മുതൽ മാനാശ്ശേരി വരെ ടെട്രാപോഡ് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 358 കോടി രൂപയുടെ പദ്ധതിക്ക്, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ചെല്ലാനം(PMU Chellanam) നു KIIFBയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. എടവനക്കാട് പഞ്ചായത്തിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിനായി GIDA മുഖേന 35 കോടിയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. ടെട്രാപോഡ് സീവാളിന്റെ രൂപകൽപ്പനക്കാവശ്യമായ പര്യവേക്ഷണ പഠനങ്ങൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനായി CWPRS ന് കൈമാറിയിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ചെല്ലാനം തീരപ്രദേശത്തെ ശക്തമായ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 2026-2027 സാമ്പത്തിക വർഷത്തിൽ DDMA ഫണ്ടിലും ചീഫ് എഞ്ചിനീയറുടെ (ജല സേചനവും ഭരണവും) നോൺ പ്ലാൻ ഫണ്ടിലുമായി ലഭിച്ച 134.1 ലക്ഷം രൂപയുടെ 12 പ്രവൃത്തികളും, വൈപ്പിൻ തീരപ്രദേശത്തെ പള്ളിപ്പുറം (വാർഡ് 1, 16), നായരമ്പലം (വാർഡ് 1, 12),

എടവനക്കാട് (വാർഡ് 10, 16) എന്നീ പഞ്ചായത്തുകളിലായി 148.32 ലക്ഷം രൂപയുടെ 16 പ്രവൃത്തികളും പൂർത്തീകരണ ഘട്ടത്തിലാണ്. ചെല്ലാനം, വൈപ്പിൻ തീരപ്രദേശത്തെ ശാശ്വതമായി സംരക്ഷിക്കുന്നതിനായി ടെട്രാപോഡ് ഉപയോഗിച്ചുള്ള പുലിമുട്ട്നിർമ്മാണം, കടൽഭിത്തി പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾക്കായി ADB, NDMF, World Bank തുടങ്ങിയ ഏജൻസികളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ 3.5 കിലോമീറ്റർ നീളമുള്ള കാപ്പാട് ഹോട്ട്സ്പോട്ട് മേഖലയിൽ NCCR പഠന റിപ്പോർട്ട് പ്രകാരം 13 groynes-ന്റെ പ്രവൃത്തിയാണ് propose ചെയ്തിട്ടുള്ളത്.ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് 1.67 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണവും പുനരുദ്ധാരണ പ്രവൃത്തിയും നടപ്പിലാക്കിവരുന്നു. കാസറഗോഡ് ജില്ലയിൽ ജന്മ, കന്നി, കോട്ടിക്കുളം, ബേക്കൽ, ബേക്കൽ പുതിയ കടപ്പുറം, പള്ളിക്കര തൈക്കടപ്പുറം എന്നിവിടങ്ങളിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. എങ്കിലും പലസ്ഥലങ്ങളിലും കാലപഴക്കത്താൽ ഭിത്തികൾ തകർന്നിട്ടുണ്ട്. കണ്വതീർത്ഥ, മുസോടി, മണിമുണ്ട, ഹനുമാൻ നഗർ, ബംഗളെ, ഐല, വലിയപറമ്പ് എന്നിവിടങ്ങളിൽ കടൽഭി ത്തി നിർമ്മാണം നടത്തിയിട്ടില്ല. തലശ്ശേരി ഫിഷ് മാർക്കറ്റ് മുതൽ ജവഹർ ഘട്ട് വരെയുള്ള തീരപ്രദേശം (0.255 കി. മീ.) ഏഴരക്കടപ്പുറം പ്രദേശം (0.65 കി. മീ.) കപ്പത്തുങ്ങ് പ്രദേശം(0.075 കി.മീ.) എന്നിവിടങ്ങളിൽ ഭാഗീകമായി കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. നീർക്കടവ് കടൽതീരം സി. പി. സ്റ്റോൺ 2320 നം സി. പി. സ്റ്റോൺ 2321 നം ഇടയിലുള്ള 72 മീറ്റർ ഭാഗത്ത് പുതിയതായി കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട്. മലപ്പുറം ജില്ലയിൽ എടക്കടപ്പുറം, ചീരാൻകടപ്പുറം, അൽബസാർ, Ozzan കടപ്പുറം, കേർമൻ കടപ്പുറം, അഞ്ചുടി, അരിയല്ലൂർ ബീച്ച് എന്നീ ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ ഭൂരിഭാഗവും കടൽഭിത്തി ഇല്ലാത്ത പ്രദേശങ്ങളാണ്.

**(സി)** കടൽ ഭിത്തി നിർമ്മിക്കാനുപയോഗിക്കുന്ന ടെട്രാപോഡിന്റെയും പാറയുടെയും ദൗർലഭ്യം കടൽഭിത്തി നിർമ്മാണത്തെ ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കടൽഭിത്തി നിർമ്മാണത്തിന് ആവശ്യമായ വലിയ വലിപ്പവും ഉയർന്ന ഗുണ നിലവാരവുമുള്ള പാറകൾ പ്രാദേശിക ക്വാറികളിൽ നിന്ന് സമയബന്ധിതമായ ലഭിക്കാത്തത് നിർമ്മാണ പുരോഗതിയെയും പുനരുദ്ധാരണ പ്രവൃത്തികളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആലപ്പുഴ പോലുള്ള ചില ജില്ലകളിൽ ക്വാറികൾ തീരെയില്ലാത്തതിനാലും മറ്റ് പ്രദേശങ്ങളിലെ ക്വാറികളിൽ ലഭ്യമാകുന്ന പ്രകൃതിദത്ത കല്ലുകളുടെ അളവ് കുറഞ്ഞതിനാലും, തമിഴ്നാട്, കർണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്നോ ദൂരപ്രദേശങ്ങളിൽ നിന്നോ ആണ് വലിയ പാറകൾ എത്തിക്കുന്നത്. ഇതുമൂലം ഗതാഗത ചെലവ് (conveyance charges) ഗണ്യമായി വർധിക്കുകയും പാറകളുടെ വിലയിൽ വലിയ വർധനവുണ്ടാവുകയും ചെയ്യുന്നു.

കൂടാതെ, ക്വാറികളിലെ പാറഖനനം സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും ക്വാറികല്ലുകൾ ആവശ്യമായ അളവിൽ സമയബന്ധിതമായി ലഭ്യമാകുന്നതിനു തടസ്സമായി നിൽക്കുന്നുണ്ട്.

ആയതിനാൽ, ഇത്രയും വലിയ തോതിലുള്ള തീരസംരക്ഷണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ അളവിൽ ക്വാറികല്ലുകളുടെയും ടെട്രാപോഡുകളുടേയും ലഭ്യത ഉറപ്പാക്കുന്നത് പ്രധാന വെല്ലുവിളിയാണ്.

**(ഡി)** ശക്തമായ കടലാക്രമണം മൂലം നിലവിൽ സ്ഥാപിച്ചിട്ടുള്ള കടൽഭിത്തികൾക്ക് നാശം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അവ അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. ശക്തമായ കടലാക്രമണവും ഉയർന്ന തിരമാലകളും മൂലം വിവിധ തീരപ്രദേശങ്ങളിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള കടൽ ഭിത്തികൾക്ക് ഭാഗികമായും ചിലയിടങ്ങളിൽ പൂർണമായും തകർന്നു പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടലാക്രമണത്തിന്റെ തീവ്രതയും തീരത്തിന്റെ സ്വഭാവവും അനുസരിച്ച് കടൽഭിത്തിയുടെ വിവിധ ഭാഗങ്ങളിൽ കല്ലുകൾ ഇളകിപ്പോകൽ, സംരക്ഷണപാളിക്ക് കേടുപാടുകൾ സംഭവിക്കൽ, അടിത്തറയ്ക്കു സമീപം മണ്ണൊലിപ്പ് ഉണ്ടാകൽ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്.

കടൽഭിത്തി നിലവിലുള്ള പ്രദേശങ്ങളിൽ നിലവിലുള്ള കടൽഭിത്തികളുടെ അവസ്ഥ പരിശോധിച്ച് അടിയന്തരമായി സംരക്ഷണം ആവശ്യമായ സ്ഥലങ്ങളിൽ പുനർനിർമ്മാണവും ശക്തിപ്പെടുത്തുന്നതിനുമായി ആവശ്യമായ പ്രവൃത്തികൾക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശംഖുമുഖം ലെന റോഡ് ഭാഗങ്ങളിൽ കടൽഭിത്തികൾ, കടലാക്രമണം മൂലം തകരുകയും പ്രസ്തുത പ്രദേശങ്ങളിൽ ലെന റോഡ് മുതൽ ജൂസ്സാ റോഡ് വരെയുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി ഇതിനോടകം തന്നെ പൂർത്തിയായതാണ്. കൂടാതെ ശംഖുംമുഖത്തിനു തെക്കു ഭാഗത്തെ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി അവസാനഘട്ടത്തിലുമാണ്. മാത്രമല്ല 355 മീറ്റർ നീളത്തിൽ ശംഖുമുഖം ബീച്ചിന്റെ ഗാലറി നിർമാണ പ്രവൃത്തികളും അവസാനഘട്ടത്തോടടുക്കുകയാണ്. കൈതവിളാകം മുതൽ തൈക്കാപള്ളി വരെ പുലിമുട്ട്(11 Groynes) നിർമാണത്തിനുള്ള ബാത്തിമെട്രിക്ക് സർവ്വെ പൂർത്തിയാകുകയും അതനുസരിച്ച് ചെന്നൈ ഐഐടി-യുമായി സഹകരിച്ച് ഡി സൈൻ തയാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്(Phase- 1 – 11.15 കോടി രൂപ). അനുമതി ലഭിക്കുന്ന മുറക്ക് ടെൻഡർ നടപടികളിലേക്ക് കടക്കുകയും, കഴിയും വേഗം തന്നെ പ്രവർത്തി ആരംഭിക്കുന്നതുമാണ്. ടി പ്രവർത്തിക്കു 2025-26 ബഡ്ജറ്റിൽ 10 കോടിയും 2026-27 ബഡ്ജറ്റിൽ 5 കോടിയും വകയിരുത്തിയിട്ടുണ്ട്. വലിയതുറ മുതൽ ശംഖുമുഖം വരെയുള്ള ഭാഗത്തു IIT ചെന്നൈ പഠനം നടത്തുകയും 9 പുലിമുട്ടുകൾ നിർമിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നവകേരള സദസ് പദ്ധതിയിൽ 7 കോടി രൂപ അനുവദിച്ചു. 9 പുലിമുട്ടുകളിൽ ആദ്യ ഘട്ടമായി വലിയതുറ ഗ്രൗണ്ടിന് വടക്കു ഭാഗത്തായി 40 മീറ്റർ നീളത്തിൽ 2 പുലിമുട്ടുകൾ നിർമിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. 2026-27 ബഡ്ജറ്റിലും 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 60 മീറ്റർ നീളമുള്ള ഒരു പുലിമുട്ടിന്റെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പൂവാർ പൊഴി മുതൽ കൊല്ലംകോട് വരെയുള്ള തീരപ്രദേശം സംരക്ഷിക്കുന്നതിനായി KIIDC മുഖാന്തിരം കടൽഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി യാഥാർത്ഥ്യമാകുന്നതോടെ ഈ പ്രദേശത്തെ നിലവിലുള്ള തകർന്ന കടൽഭിത്തികൾ സംരക്ഷിക്കപ്പെടും. കൊല്ലം ജില്ലയിൽ ശക്തമായ കടലാക്രമണത്തെ തുടർന്ന് നിലവിലുള്ള കടൽഭിത്തികൾക്ക് വിവിധ ഭാഗങ്ങളിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുതഭാഗത്ത് കടലാക്രമണത്തിൽ കേടുപാടുകൾ സംഭവിച്ച കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായി പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുള്ളതാണ്.

ആറാട്ടുപുഴ, തൃക്കുന്നപുഴ പ്രദേശങ്ങളിൽ ജിയോബാഗ് വെച്ചിട്ടുള്ള കടൽ ഭിത്തി നിർമ്മിക്കുന്നതിനായി ADB, World Bank തുടങ്ങിയ ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ വൈപ്പിൻ, ചെല്ലാനം തീരപ്രദേശങ്ങളിലും, മലബാർ മേഖലയിലും മുമ്പ് നിർമ്മിച്ച കരിങ്കൽ കടൽഭിത്തികൾ കാലപ്പഴക്കം മൂലവും ശക്തമായ കടലാക്രമണം മൂലവും തകർന്ന് താഴ്ന്ന് പോയിട്ടുണ്ട്. അതിനാൽ നിലവിലുള്ള ഭിത്തി പലഭാഗങ്ങളിലും കടലാക്രമണം പ്രതിരോധിക്കാൻ പര്യാപ്തമല്ല. കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്വീകരിക്കാവുന്നതാണ്.

മിഷൻ ഡയറക്ടറുടെ കീഴിൽ പ്രധാന തീരപ്രദേശങ്ങളായ ആലപ്പാട്, പൊന്നാനി, കൊടുങ്ങല്ലൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ ADB ധനസഹായത്തോടെ കടൽഭത്തി പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ പ്രദേശങ്ങളിൽ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് അടങ്ങിയ DPR അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട് ആയതു പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

KIIDC-മുഖേന തീരപ്രദേശങ്ങളിൽ ഇതിനകം നടപ്പാക്കിയ പദ്ധതികൾക്ക് ഇതുവരെ യാതൊരു വിധ നാശനഷ്ടങ്ങളും സംഭവിച്ചിട്ടില്ല. നിർമ്മിച്ചിട്ടുള്ള കടൽഭിത്തികളും പുലിമുട്ടുകളും തൃപ്തികരമായ നിലയിൽ സ്ഥിതി ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**